# ബിദ്അത്തുകളെ തിരിച്ചറിയുക

മതപരമായ എല്ലാ വിധിവിലക്കുകളാലും ഇസ്‌ലാം സമ്പൂർണമായെന്നും ഇനി അതിലേക്കെന്തെങ്കിലും കൂട്ടിച്ചേർക്കാൻ യാതൊരു പഴുതുമില്ലെന്നും നാം മനസ്സിലാക്കി. എന്നിട്ടും ആ പൂർത്തിയായ മതത്തിന്റെ ലേബലിൽ പല പുത്തനാചാരങ്ങളും ഇന്ന് നടമാടിക്കൊണ്ടിരിക്കുന്നു. അതിനാൽ അവയെ പൊതുവായി മനസ്സിലാക്കുന്നതിനു വേണ്ടി അടിസ്ഥാനപരമായ ചില കാര്യങ്ങൾ കൂടി നമുക്ക് നോക്കാം.

മതത്തിലേക്ക് പുതുതായി കടത്തിക്കൂട്ടുന്ന സംഗതികൾക്കാണ് ഒറ്റവാക്കിൽ ബിദ്അത്ത് (البدعة) എന്നുപറയുക. ഭാഷാപരമായി അതിന്റ അർത്ഥം, മുൻ മാതൃകയില്ലാതെ ഉണ്ടാകുന്നത് എന്നാണ്. എന്നാൽ സാങ്കേതികമായി (മതപരമായി) അതുകൊണ്ടുള്ള വിവക്ഷ, നബി(ﷺ)യുടെ മാതൃകയില്ലാതെ മതത്തിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങളാണ്. ഒന്നുകൂടി വ്യക്തമാക്കിപറഞ്ഞാൽ, മതം പൂർത്തിയായതിനു ശേഷം മതത്തിന്റ പേരിൽ പുതുതായുണ്ടാക്കുന്ന എല്ലാ കാര്യങ്ങളും ബിദ്അത്താണ്. പണ്ഡിതന്മാരെല്ലാം ബിദ്അത്തിനെ നിർവ്വചിച്ചിട്ടുള്ളതും അപ്രകാരമാണ്.

അതിനാൽ ആരെങ്കിലും മതത്തിന്റെ പേരിൽ (മതപരിവേഷത്തോടെ) പുതുതായി എന്തെങ്കിലും കടത്തിക്കൂട്ടിയാൽ അവ നിഷ്കരുണം ഉപേക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്. അത് എത്ര ശ്രേഷ്ഠമായ ആരാധനാകർമങ്ങളാണെങ്കിലുംശരി. അത് നമസ്കാരം, ദിക്ർ, സ്വലാത്ത്... തുടങ്ങിയ ശ്രേഷ്ഠമായ കാര്യങ്ങളാണെങ്കിൽ പോലും!! അവക്ക് എത്ര നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ടെങ്കിലും, എത്ര ഭൂരിപക്ഷത്തിന്റെ പിന്തുണയുണ്ടെങ്കിലും അങ്ങനെ തന്നെ! ഇതു സംബന്ധമായ നബി(ﷺ)യുടെ ഗൗരവമേറിയ ചില താക്കീതുകൾ കാണുക:

**(രിയാളുസ്വാലിഹീൻ പരിഭാഷ പേജ്: 129. പരിഭാഷകൻ: ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ)**





129 രിയാളുസ്വാലിഹീ

١٦٩/١– عن عائشة رضي الله عنها ، قالت : قَالَ رسولُ الله ﷺ :

« مَنْ أَحْدَثَ فِي أَمْرِنا هٰذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ » متفقٌ عليه .

169. ഹസ്രത്ത് ആയിശ(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നമ്മുടെ ഈ മതത്തിൽ ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്." (മുത്തഫഖുൻ അലൈഹി)

**(രിയാളുസ്വാലിഹീൻ പരിഭാഷ പേജ്: 124. പരിഭാഷകൻ: ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ)**



രിയാളുസ്സ്വാലിഹീൻ 124

أَلا وَإِنَّ أَوَّلَ الْخَلائِقِ يُكْسَى يَوْمَ الْقِيَامَةِ إِبْرَاهِيمُ ، عَلَيْهِ السَّلامُ ، أَلا وَإِنَّهُ سَيُجَاءُ بِرِجَالٍ مِنْ أُمَّتِي فَيُؤْخَذُ بِهِمْ ذَاتَ الشِّمَالِ ؛ فَأَقُولُ : يَا رَبِّ أُصَيْحَابِي ؛ فَيُقَالُ : إِنَّكَ لا تَدْرِي مَا أَحْدَثُوا بَعْدَكَ

അറിയുക. സൃഷ്ടികളിൽ ആദ്യമായി അന്ത്യദിനത്തിൽ വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഹസ്രത്ത് ഇബ്റാഹീം നബി(അ) ആയിരിക്കും. അറിയുക, എന്റെ സമുദായത്തിൽപ്പെട്ട കുറെയാളുകളെ പരലോകത്ത് ഹാജരാക്കപ്പെടുകയും, ഇടതു ഭാഗത്ത് (നരകത്തിനടുത്ത്) നിറുത്തപ്പെടുകയും ചെയ്യും. അപ്പോൾ ഞാൻ പറയും: "നാഥാ, ഇവരെന്റെ അനുയായികളാണ്." അപ്പോൾ പറയപ്പെടും: "താങ്കൾക്കു ശേഷം ഇവർ എന്തെല്ലാം അനാചാരങ്ങളാണുണ്ടാക്കിയതെന്ന് താങ്കൾക്കറിയില്ല."

**(രിയാളുസ്വാലിഹീൻ പരിഭാഷ പേജ്: 121. പരിഭാഷകൻ: ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ)**



قال : « أُوصِيكُمْ بِتَقْوَى اللهِ ، وَالسَّمْعِ وَالطَّاعَةِ وَإِنْ تَأَمَّرَ عَلَيْكُمْ عَبْدٌ ، وَإِنَّهُ مَنْ يَعِشْ مِنْكُمْ فَسَيَرَى اخْتِلافاً كَثِيراً . فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ ، عَضُّوا عَلَيْهَا بِالنَّوَاجِذِ ، وَإِيَّاكُمْ وَمُحْدَثَاتِ الأُمُورِ فَإِنَّ كُلَّ بِدْعَةٍ ضَلالَةٌ » رواه أبو داود ، والترمذي وقال: حديث حسن صحيح

നബി(സ) പറഞ്ഞു: "അല്ലാഹുവോട് ഭയഭക്തിയോടെ ജീവിക്കാനും, ഒരു നീഗ്രോ അടിമ തന്നെ അമീറായി വന്നാലും അദ്ദേഹത്തെ അനുസരിക്കാനും നിങ്ങളെ ഞാൻ ഉപദേശിക്കുന്നു. നിങ്ങളിൽ നിന്ന് ജീവിച്ചിരിക്കുന്നവർക്ക് ധാരാളം അഭിപ്രായ വ്യത്യാസം കാണാൻ കഴിയും. അപ്പോൾ എന്റെയും സദ്വൃത്തരും വിവേകികളുമായ ഖലീഫമാരുടെയും ചര്യ നിങ്ങൾ പിന്തുടരുക. അണപ്പല്ലുകൾ കൊണ്ട് നിങ്ങളവ കടിച്ചു പിടിക്കുവീൻ. (മതത്തിൽ) നിർമ്മിക്കപ്പെട്ട കാര്യങ്ങൾ നിങ്ങൾ വർജ്ജിക്കണം. എന്തുകൊണ്ടെന്നാൽ നൂതനമായി നിർമ്മിക്കപ്പെട്ട എല്ലാ കാര്യങ്ങളും അനാചാരമാണ്." (അബൂദാവൂദ്, തുർമുദി)

ചിന്തിക്കുക! നബി(ﷺ)യുടെ മാതൃകയില്ലാതെ മതത്തിൽ പുതുതായുണ്ടാക്കുന്ന കാര്യങ്ങൾ മുഴുവൻ ഇസ്ലാമിന് പുറത്താണെന്നും (ബിദ്അത്ത്) അതിനാൽ അവ ഉപേക്ഷിക്കണമെന്നും ഗൗരവപൂർവ്വം താക്കീത് ചെയ്യുന്ന പ്രവാചക വചനങ്ങളാണ് മുകളിൽ നാം കണ്ടത്.

ഇനി, ബിദ്അത്തിന്റെ ആളുകൾക്ക് പരലോകത്തുണ്ടാകുന്ന നിന്ദ്യവും നികൃഷ്ടവുമായ അവസ്ഥകൾ നബി(ﷺ) വിശദീകരിക്കുന്നത് കൂടി കാണുക:

**(സുന്നത്തും ബിദ്അത്തും പേജ്: 73. സുന്നി പബ്ലിക്കേഷൻ സെന്റർ പ്രസിദ്ധീകരണം)**



عن انس قال: قال النبي صلّي الله عليه وسلّم اهل البدع شرّ الخلق والخليقة ( ابو نعيم )

(അനസി(റ) ൽ നിന്ന്: തിരുമേനി പറഞ്ഞു: ബിദ്അത്തിന്റെ ആളുകൾ സൃഷ്ടികളിൽ ഏറ്റവും നികൃഷ്ടരാണ് -അബൂനഈം).

عن ابي امامة قال: قال النبي صلّي الله عليه وسلّم قال : اصحاب البدع كلاب النار ( ابو حاتم )

(അബൂ ഉമാമ (റ) യിൽ നിന്ന്: തിരുമേനി ﷺ പറഞ്ഞു: ബിദ്അത്തിന്റെ ആളുകൾ നരകത്തിലെ പട്ടികളാണ് -അബൂഹാതിം).

എത്ര ഗൗരവത്തോടെയാണ് ബിദ്അത്തുണ്ടാക്കുന്നവരെയും അത് ചെയ്യുന്നവരെയും, മനസാ-വാചാ-കർമണാ അതിന് അംഗീകാരം നൽകുന്നവരെയും ഇസ്‌ലാം ശപിക്കുന്നത്! മാത്രമല്ല, അവർക്ക് നരകത്തിൽ പോലും വളരെ നിന്ദ്യമായ സ്ഥാനമാണുള്ളതെന്നാണ് മേൽ റിപ്പോർട്ടുകൾ അറിയിക്കുന്നത്. ബിദ്അത്തുകാരൻ അതുപേക്ഷിക്കുന്നതുവരെ അവന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയില്ലെന്നും ഹദീസുകളിൽ കാണാം. മാത്രമല്ല, ബിദ്അത്തുകൾ ചെയ്യുക, അല്ലെങ്കിൽ അത് ചെയ്യിക്കുക, അതിന് അംഗീകാരം നൽകുക തുടങ്ങി അതിനോട് ഏതെങ്കിലും നിലക്ക് അനുഭാവം പുലർത്തുന്നതു പോലും ഇസ്‌ലാമിക ദൃഷ്ട്യാ വലിയ കുറ്റമാണ്.

ബിദ്അത്തുകാരായ ആളുകളോടുള്ള വെറുപ്പും അറപ്പും നബി(ﷺ) പരലോകത്ത് വെച്ച് വിചാരണക്കുമുമ്പായി തന്നെ പ്രകടിപ്പിക്കുന്നത് നോക്കൂ:

**(ബുഖാരി മുസ്‌ലിം സംയുക്ത പരിഭാഷ പേജ്: 2/450,451 , പരിഭാഷകൻ: ഇബ്രാഹിം പുത്തൂർ ഫൈസി)**




## ഹൗളിങ്കൽനിന്ന് അകററപ്പെടുന്നവർ

١١٠٥) وَعَنْ سَهْلِ بْنِ سَعْدٍ قَالَ قَالَ رَسُولُ اللهِ صلى الله عليه وسلم إِنِّي فَرَطُكُمْ عَلَى الْحَوْضِ مَنْ مَرَّ عَلَيَّ شَرِبَ وَمَنْ شَرِبَ لَمْ يَظْمَأْ أَبَدًا لَيَرِدَنَّ عَلَيَّ أَقْوَامٌ أَعْرِفُهُمْ وَيَعْرِفُونَنِي ثُمَّ يُحَالُ بَيْنِي وَبَيْنَهُمْ فَأَقُولُ إِنَّهُمْ مِنِّي فَيُقَالُ إِنَّكَ لَا تَدْرِي مَا أَحْدَثُوا بَعْدَكَ فَأَقُولُ سُحْقًا سُحْقًا لِمَنْ غَيَّرَ بَعْدِي .

1105) സഹ്ലുബ്നു സഅ്ദി(റ) ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: ഞാൻ ഹൗളിങ്കൽ നിങ്ങളുടെ മുമ്പെത്തുന്നതാണ്. എന്റെ അരികെ വന്നവർ അതിൽനിന്ന് കുടിക്കും. അതിൽനിന്ന് കുടിച്ചവർക്ക് പിന്നെ ഒരിക്കലും ദാഹിക്കില്ല. ചില ആളുകൾ എന്റെ അടുത്ത് ഹൗളിങ്കൽ വരും. അവരെ ഞാൻ അറിയും. അവർ എന്നെയും അറിയും. പിന്നെ എന്റെയും അവരുടെയും ഇടയിൽ മറ ഇടപ്പെടുന്നതാണ്. അപ്പോൾ ഞാൻ പറയും, അവർ എന്നിൽ (എന്റെ സമുദായത്തിൽ) പെട്ടവരല്ലൊ. അന്നേരം പറയപ്പെടും. താങ്കൾക്ക് ശേഷം അവർ പുതുതായുണ്ടാക്കിയത് താങ്കൾ അറിയില്ല. തത്സമയം ഞാൻ പറയും. എന്റെ ശേഷം മതത്തെ വ്യതിയാനപ്പെടുത്തിയവർ ദൂരെ പോകട്ടെ – ദൂരെപോകട്ടെ.

നോക്കൂ! മതത്തിൽ പുതുതായ പലതും കടത്തിക്കൂട്ടിയവരെ ഹൗളുൽ കൗസറിന്റെ അടുത്തുനിന്നും ആട്ടിക്കളയുകയാണ് നബി(ﷺ) ചെയ്യുന്നത്. തന്റെ ഉമ്മത്തിനോട് അങ്ങേയറ്റം സ്നേഹമുള്ള നബി(ﷺ) അവരെ ആട്ടിയോടിക്കുക എന്നു പറഞ്ഞാൽ ബിദ്അത്ത് എത്രമാത്രം ഗൗരവമേറിയ സംഗതിയാണെന്ന് അതിൽ നിന്നും മനസ്സിലാക്കാം. നബിദിനാഘോഷം പോലുള്ള പലതും മതത്തിൽ കൂട്ടിച്ചേർക്കുകയും ആചരിക്കുകയും ചെയ്ത ആളുകളാണ് ഈ ഹദീസിൽ പറയുന്ന ഹതഭാഗ്യർ എന്ന്

വ്യക്തമാണല്ലോ.

ചുരുക്കത്തിൽ, നമ്മെ സ്വർഗ്ഗത്തിലേക്കടുപ്പിക്കുന്നതും നരകത്തിൽനിന്നകറ്റുന്നതുമായ മതത്തിന്റെ എല്ലാ വശങ്ങളും നബി(ﷺ) നമുക്ക് പഠിപ്പിച്ചുതന്നു. അവിടുത്തെ വഫാത്തോടെ പരിശുദ്ധ ഇസ്ലാം എല്ലാ അർത്ഥത്തിലും പൂർത്തിയാവുകയും ചെയ്തു. അതിനാൽ ഇനി അതിലേക്ക് എന്തെങ്കിലും കൂട്ടിച്ചേർക്കാൻ ഒരാൾക്കും അധികാരവുമില്ല. ആ വിലക്ക് ലംഘിച്ച് ആരെങ്കിലും അങ്ങനെ ചെയ്താൽ അത് നിഷ്കരുണം തള്ളപ്പെടേണ്ടതാണ്.

മാത്രമല്ല, ബിദ്അത്തുകൾ മതത്തെ നശിപ്പിക്കുന്ന കള(പാഴ്ചെടികൾ)കളാണെന്നും അത് മതത്തിൽ കടത്തിക്കൂട്ടുന്നതോടെ വികലമായ പുതിയൊരു മതത്തെ നിർമ്മിക്കുകയാണ് ചെയ്യുന്നതെന്നും പ്രത്യേകം ഓർക്കുക. ദീനിൽ ഉള്ള ഒരു കാര്യം ഉപേക്ഷിച്ചാൽ ദീനിൽ ഒരു കുറവ് വരുന്നു. അപ്പോൾ നൂറ് കാര്യം മതത്തിൽ നിന്ന് ഉപേക്ഷിച്ചാൽ മതത്തിൽ നൂറ് കുറവ് അനുഭവപ്പെടും. ദീനിൽ ഒരു പുതിയ കാര്യം ഉണ്ടാക്കിയാലാകട്ടെ മതം വികലമാകുന്നു എന്നതിനു പുറമെ അതിലെ സ്ഥിരപ്പെട്ട ഒരു സുന്നത്ത് ആ സ്ഥാനത്തുനിന്നും നഷ്ടപ്പെടുകയും ചെയ്യുന്നു. അപ്പോൾ നൂറ് ബിദ്അത്തുകളുണ്ടാക്കിയാൽ നൂറ് സുന്നത്തുകൾ നഷ്ടപ്പെടുകയും നൂറ് നിർമ്മിത കാര്യങ്ങൾ മതത്തിലുണ്ടാവുകയും ചെയ്യുന്നു. അഥവാ, എത്രത്തോളം ബിദ്അത്തുകൾ ഉണ്ടാകുന്നുവോ അത്രത്തോളം ദീൻ നശിക്കുന്നു എന്ന് ചുരുക്കം.

മേൽ മാനദണ്ഡപ്രകാരം നബിദിനാഘോഷത്തിന് ഇസ്ലാമിൽ സ്ഥാനമുണ്ടോ? പ്രത്യേകിച്ച് നബി(ﷺ)യുടേയും സ്വഹാബത്തിന്റേയും വഫാത്തിനുശേഷം എത്രയോ നൂറ്റാണ്ടുകൾക്കുശേഷം (ഹിജ്റ മൂന്നൂറിന് ശേഷം) ഉണ്ടായതാണെന്ന് ചരിത്രം രേഖപ്പെടുത്തിയ ഒരു അനാചാരത്തിന്?! നമുക്ക് പരിശോധിക്കാം!!

▲